വിദ്യാലയത്തിന്റെ പേര് : ഗവ. മോഡൽ എൽ പി സ്കൂൾ പെരിങ്ങോട്ടുകര

പഞ്ചായത്ത് : താന്ന്യം

ബ്ലോക്ക് : അന്തിക്കാട്

വിദ്യാഭ്യാസ ജില്ല : തൃശ്ശൂർ

ഉപജില്ല : ചേർപ്പ്

ബിആർസി : അന്തിക്കാട്

ഫോൺ : **0487-2270140**

ഇമെയിൽ : **gmlpschoolperingottukara @gmail.com**

സ്കൂൾ കോഡ് : **22205**

Scanned with OKEN Scanner

# വിദ്യാലയത്തിന്റെ ചരിത്രം

## ഗവ മോഡൽ എൽ പി സ്കൂൾ പെരിങ്ങോട്ടുകര

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ കേരളത്തിൽ അങ്ങോളമിങ്ങോളം അലയടിച്ചുയർന്ന സാമൂഹിക സാംസ്കാരിക നവോത്ഥാനത്തിന്റെ പ്രതീകമായ ശ്രീനാരായണഗുരുദേവൻ പ്രതിഷ്ഠ നടത്തിയിട്ടുള്ള ക്ഷേത്രങ്ങളിൽ തിലകസ്ഥാനമാണ് പെരിങ്ങോട്ടുകര ശ്രീ സോമശേഖര ക്ഷേത്രത്തിന് . സോമ ശേഖക്ഷേത്രത്തിനു മുന്നിലാണ് തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ ആറാം വാർഡിൽ ഗവൺമെന്റ് മോഡൽ എൽ പി സ്കൂൾ സ്ഥിതി ചെയ്യുന്നത് .

പെരിങ്ങോട്ടുകര ഗ്രാമം ശ്രീനാരായണഗുരുവിനെ സന്ദർശനം കൊണ്ടും ശ്രീ സോമശേഖര ക്ഷേത്രം കൊണ്ടും പ്രസിദ്ധമാണ് .**1930 ൽ** കെ എസ് കൃഷ്ണൻ ശ്രീനാരായണഗുരുവിനെയും ശ്രീകുമാരനാശാനെയും പെരിങ്ങോട്ടുകരയിലേക്ക് ക്ഷണിച്ചു .തുടർന്ന് **1906** ൽ ആശ്രമം പണികഴിപ്പിച്ചു .ശ്രീനാരായണ ഗുരുവിന്റെ പിറന്നാൾ ആഘോഷത്തോടനുബന്ധിച്ച് ശ്രീ കെ എസ് കൃഷ്ണൻ തണ്ടാൻ കൊട്ടുത്ത സ്ഥലത്ത് ഒരു ഓലമേഞ്ഞ ഷഡ്ഡിലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത് .

ഏഴു കുട്ടികളുമായി തുടങ്ങിയ സ്ഥാപനം രണ്ടാം ക്ലാസ് അനുവദിക്കാത്തതിനാൽ അടുത്തവർഷം ഒന്നാം ക്ലാസ് തന്നെ ആവർത്തിക്കേണ്ടിവന്നു. അതിനടുത്ത വർഷമാണ് രണ്ടാം ക്ലാസിന് അനുമതി ലഭിച്ചത് .ഒരു പ്രൈവറ്റ് സ്ഥാപനമായി ആരംഭിച്ച വിദ്യാലയത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല .

ശ്രീശങ്കര വാര്യർ മാസ്റ്റർ ആയിരുന്നു ആദ്യത്തെ അധ്യാപകൻ. ശ്രീനാരായണ ആശ്രമത്തിലെ ശ്രീമദ് ജഗദീഷ് ആനന്ദ സ്വാമിയുടെ കീഴിൽ ആരംഭി

Scanned with OKEN Scanner

ച്ചതിലാണ് അമ്പലംസ്കൂൾ എന്ന് പേര് ലഭിച്ചതെന്ന് പറയപ്പെടുന്നു .ക്ഷേത്രം സ്ഥാപിക്കുന്നതിനുള്ള ആദ്യ യോഗം ചേർന്നത് അമ്പല സ്കൂളിലായിരുന്നു എന്നത് പെരിങ്ങോട്ടുകര നിവാസികൾ എന്നും അഭിമാനത്തോടെ ഓർക്കുന്നു വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ തൽപരനായിരുന്ന ശ്രീനാരായണഗുരു ആശ്രമത്തിലെത്തുമ്പോൾ ഇടവേളകളിൽ സ്കൂളിലെ കുട്ടികൾക്ക് ചക്കര വെള്ളം തയ്യാറാക്കി നൽകിയിരുന്നുവത്രേ.

2 ഓല ഷെഡ്ഡിൽആയിരുന്നു വിദ്യാലയം പ്രവര്ത്തിച്ചിരുന്നത്. ശാസ്ത്ര വിഷയങ്ങൾക്ക് പ്രാധാന്യമൊന്നും നൽകാതിരുന്ന അക്കാലത്ത് രാജാക്കന്മാരുടെ ചരിത്രമായിരുന്നു പ്രധാനമായും പഠിപ്പിച്ചിരുന്നത് .ഒരു നോട്ടുപുസ്തകവുമാ യി എത്തിയിരുന്ന കുട്ടികൾ അധ്യാപകൻ വാചികമായി പഠിപ്പിക്കുന്ന കാര്യങ്ങൾ ആ പുസ്തകത്തിൽ രേഖപ്പെടുത്തി വയ്ക്കുമായിരുന്നു .

1930 കാലഘട്ടത്തിൽ പഞ്ചായത്തിന്റെ കീഴിൽ മൂന്നു വിദ്യാലയങ്ങളാണ് ഉണ്ടായിരുന്നത് .താന്ന്യം പ്രൈമറി സ്കൂളിലും അമ്പലസ്കൂളിലും പഠനം കഴിഞ്ഞ് പെരിങ്ങോട്ടുകര സ്കൂളിൽ പഠനം തുടരാൻ എത്തുന്ന കുട്ടികൾക്ക് അഞ്ചാം തരത്തിൽ ചേരുന്നതിന് ഒരു പ്രിപ്പറേറ്ററി ക്ലാസ് കഴിഞ്ഞതിനുശേഷം പ്രവേശനം ലഭിച്ചിരുന്നു .

പ്രൈമറിതലത്തിൽ ക്രാഫ്റ്റ് , സംഗീതം എന്നീ വിഷയങ്ങളും അഭ്യസിച്ചിരുന്നു. അക്കാലത്ത് ഒരു ക്ലാസ്സിൽ 20- 25 കുട്ടികളാണ് ഉണ്ടായിരു ന്നത് . നൂറ് നാളികേരത്തിന് രണ്ടര രൂപ വിലയുണ്ടാ യിരുന്ന അക്കാലത്ത് പ്രൈ മറിതലത്തിൽ മാസം മൂന്നു രൂപയും ഹൈസ്കൂൾ തല ത്തിൽ മാസം 6 രൂപയും ഫീസ് വാങ്ങിയിരുന്നു. പഠിക്കാൻ എത്തുന്ന പെൺകുട്ടി കളുടെ എണ്ണം ആൺ കുട്ടികളെ അപേക്ഷിച്ച് വളരെ കുറവായിരുന്നു .1930 കളിൽ പഠന മാധ്യമം ഇംഗ്ലീ ഷ് ആയിരുന്നെങ്കിലും 1960 കാലഘട്ടം ആയപ്പോഴേക്കും പഠ ന മാധ്യമം മലയാളം ആയിത്തീർന്നു.

വികസനം മുരടിച്ച് നിന്നതും രണ്ട് ഓല ഷെഡിൽ പ്രവർത്തനം ഒതുങ്ങി നിന്നതുമായ വിദ്യാലയത്തിന്റെ പ്രവർത്തനം അ ന്തിക്കാട് ബ്ലോക്ക് സഹായത്തോ

Scanned with OKEN Scanner

ടെ ഒരു ഓടിട്ട കെട്ടിടത്തിലേക്ക് മാറുകയായിരുന്നു. വിദ്യാലയത്തിന്റെ തുടർന്നുള്ള വളർച്ച അതിവേഗതയിലായിരുന്നു. കേന്ദ്ര-സംസ്ഥാന വിദ്യാഭ്യാസ അവാർഡുകൾ തുടങ്ങി വിവിധ സ്കോളർഷിപ്പുകൾ, റേഡി യോ, മോട്ടർ ,കിണർ ,പൂന്തോട്ടം, കളി കോപ്പുകൾ, വലിയ കെട്ടിടം ,സ്വന്തമായി ചെമ്പുപാത്രങ്ങൾ എല്ലാം നേടി ഈ പ്രൈമറി വിദ്യാലയം ഒരു മോഡൽ വിദ്യാല യം ആയി രൂപാന്തരപ്പെട്ടു .

ശക്ത മായ ഒരു അധ്യാപക രക്ഷാകർത്തൃ സംഘടന ഇവിടെ പ്രവർത്തനരംഗത്ത് വന്നു. പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ മറ്റു വി ദ്യാലയങ്ങളെ അപേക്ഷിച്ച് മികച്ച നിലവാരം പുലർത്തിയിരുന്നതുകൊണ്ടാണ് **1973** ൽ ഒരു മോഡൽ സ്കൂൾ ആയി അംഗീകരിച്ചത്. ഇവിടെ പ്രധാന അധ്യാപക നായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ കെ വി രാമൻ മാസ്റ്റർക്ക് **1974** ൽ മികച്ച അധ്യാപകനുളള സംസ്ഥാനം അവാർ ഡും **1975** ൽ ദേശീയ അവാർഡും ലഭിച്ചത് ഈ വിദ്യാലയത്തിന്റെ ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തമാണ് .

**1978** ൽ നല്ലവരായ നാട്ടുകാരുടെയും അഭ്യുദയ കാംക്ഷികളുടെയും സഹായസഹകരണ ത്തോടെ സ്കൂളിൽ നല്ലൊരു രണ്ടുനില കെട്ടിടം നിർമ്മിക്കാൻ സാധിച്ചു. അന്നത്തെ മന്ത്രിയായിരുന്ന ശ്രീ അവുക്കാദർ കുട്ടി നഹആണ് രണ്ടുനില കെട്ടിടം നിർമ്മിക്കാ നുള്ള അനുമതി നൽകിയത് .വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ സി എച്ച് മുഹമ്മദ് കോയയാണ് രണ്ടുനില കെട്ടിടത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചത്. ആരോ ഗ്യവകുപ്പ് മന്ത്രിയായിരുന്ന സി കെ പി പ്രഭാകരൻ അധ്യക്ഷൻ വഹിച്ചു .

ഒരു ക്ലാസ് മുറിയിൽ ആരംഭിച്ച വിദ്യാലയം മൂന്നും നാലും ഡിവിഷനുകളിലായി വർദ്ധിക്കുകയും ചേർപ്പ് ഉപജില്ലയിലെ നല്ല നിലവാരംപുലർത്തുന്ന സ്ഥാപനമായി മാറുകയും ചെയ്തു .**2003** ൽ സ്കൂളിന് നല്ലൊരു ചുറ്റമതിൽ നിർമിച്ചു. അന്നത്തെ എംഎൽഎ ആയിരു ന്ന ശ്രീ കെ പി രാജേന്ദ്രന്റെ സ്പെഷ്യൽ ഫണ്ടിൽ നിന്നും അനുവദിച്ച തുക കൊണ്ടാണ് ചുറ്റമതിൽ നിർമ്മിച്ചത് .ഉദ്ഘാടനം ബ്ലോക്ക് പ്രസിഡണ്ടായിരുന്ന ശ്രീ ച ന്ദ്രൻ മാസ്റ്ററാണ് നിർവഹിച്ചത്.

Scanned with OKEN Scanner

നിരവധി പ്രതിഭകളെ വാർത്തെടുത്ത ഒരു സ്ഥാപ നമാണ് ഇത്. ഈ വിദ്യാലയത്തിലെ പൂർവവിദ്യാർത്ഥികൾ വിവിധ മേഖലകളിൽ പ്രശസ്തമായ സേവനം ചെയ്തുവരുന്നുണ്ട് .അവരിൽ ചിലരാണ് ഡെപ്യൂട്ടി കളക്ടർ ആയി വിരമിച്ച ശ്രീ ജയചന്ദ്രൻ ,ഡോക്ടർ കെ സി പ്രകാശൻ ,ഡോക്ടർ വൽ സൺ ,എൻജിനീയർ ബിനു കമാർ ,അഡ്വക്കേറ്റ് സംഗീത് ,പ്രൊഫസർ സിദ്ധാർ ത്ഥൻ മാസ്റ്റർ, എൻജിനീയർ സിദ്ധാർത്ഥ് ,മലയാളത്തിലെ ഡോക്ടറേറ്റ് നേടിയ ശ്രീ ശിവലാൽമാസ്റ്റർ, മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് വാങ്ങിയ ശ്രീ സാജൻ മാസ്റ്റർ എന്നിവർ .

ഈ വിദ്യാലയത്തിലെ ആദ്യ ബാച്ചിലെ വിദ്യാർ ത്ഥിയായിരുന്ന ശ്രീ കെ ആർ അച്യുതൻ എം എ ബിഎൽ എടുത്ത ആളായിരുന്നു. ചുരുങ്ങിയ കാലം കൊണ്ട് അഭിവൃദ്ധിയിലേക്ക് വരുകയും 16 ഡിവിഷനുകൾ ആ യി മാറുകയും ചെയ്ത ഈ സ്ഥാപനം ഇന്ന് നാലു ഡിവിഷനുകളായി ചുരുങ്ങിയ ദുഃഖസത്യം അംഗീകരിക്കേണ്ടിയിരിക്കുന്നു.**Unaided** വിദ്യാലയങ്ങളുടെ മോഹന വാഗ്ദാനങ്ങളും ഈ വിദ്യാലയത്തിന്റെ നിലനിൽപ്പിനെ അപകടത്തിൽ ആക്കിയിരിക്കുന്നു .

2005 പ്രീ പ്രൈമറി ക്ലാസു കൾ ആരംഭിച്ചു. 6 ക്ലാസ് മുറികളും ഒരു കമ്പ്യൂട്ട് ലാബും ഒരു ലൈബ്രറി ,ഒരു ഓഫീസ് റൂമും ആണ് നിലവിൽ ഉള്ളത് .ബഹു തൃശൂർ എംപി ശ്രീ ജയദേവൻ അവ ർകൾ അനുവദിച്ച സ്മാർട്ട് ക്ലാസ് റൂമുകൾ ഒരുക്കി യിരിക്കുന്നു. കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പി ക്കാൻ നല്ലൊരു കളി സ്ഥലവും സ്കൂളിലുണ്ട് .നാട്ടിക എംഎൽഎ ശ്രീമതി ഗീതാ ഗോപിയുടെ ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് നവീകരിച്ച നല്ലൊരു ശിശു സൗഹൃദ പാർക്ക്സ്കൂളിന് അഭിമാനമായി നില കൊള്ളുന്നു .

പ്രധാന അധ്യാപിക അടക്കമുള്ള 6 അധ്യാപകരും ഒരു പാർട്ട് ടൈം മീനിയലും , പ്രീ പ്രൈമറി ആയയും വിദ്യാലയത്തിൽ ജോലി ചെയ്യുന്നു . ശക്തമായ ഒരു പിടിഎ എല്ലാ വികസന പ്രവർത്തനങ്ങൾക്കും ഒപ്പം നിൽക്കുന്നു .ഇവരോടൊപ്പം തന്നെ എം പി ടി എ,എസ് എസ് ജി ,ഓ എസ് എ എന്നിവരും തോളോട് ചേർന്ന് വിദ്യാലയ വികസനത്തി നായി പരിശ്രമിക്കുന്നു

## 2023-24 വർഷത്തെ കുട്ടികളുടെ എണ്ണം

| STD | STR | | | SC | | OBC | | GEN | |
|---|---|---|---|---|---|---|---|---|---|
| | B | G | TOTAL | B | G | B | G | B | G |
| 1 | 14 | 9 | 23 | 3 | 3 | 11 | 6 | 0 | 0 |
| 2 | 12 | 15 | 27 | 2 | 3 | 9 | 12 | 1 | 0 |
| 3 | 13 | 6 | 19 | 3 | 0 | 9 | 6 | 1 | 0 |
| 4 | 10 | 9 | 19 | 2 | 1 | 7 | 8 | 1 | 0 |
| TOTAL | 49 | 38 | 88 | 10 | 7 | 36 | 32 | 3 | 0 |
| | | | | | | | | | |
| LKG | 18 | 11 | 29 | 7 | 2 | 10 | 8 | 1 | 1 |
| UKG | 12 | 11 | 23 | 3 | 2 | 9 | 9 | 0 | 0 |
| TOTAL | 30 | 22 | 52 | 10 | 4 | 19 | 17 | 1 | 1 |
| | | | | | | | | | |
| TOTAL | 79 | 61 | 140 | 20 | 11 | 55 | 49 | 4 | 1 |

## 2022-23 വർഷത്തെ കുട്ടികളുടെ എണ്ണം

| STD | STR | | | SC | | OBC | | GEN | |
|---|---|---|---|---|---|---|---|---|---|
| | B | G | TOTAL | B | G | B | G | B | G |
| 1 | 14 | 16 | 30 | 2 | 3 | 11 | 13 | 1 | 0 |
| 2 | 13 | 6 | 19 | 3 | 0 | 9 | 6 | 1 | 0 |
| 3 | 9 | 10 | 19 | 2 | 2 | 6 | 8 | 1 | 0 |
| 4 | 14 | 10 | 24 | 2 | 1 | 12 | 9 | 0 | 0 |
| TOTAL | 50 | 42 | 92 | 9 | 6 | 38 | 36 | 3 | 0 |

Scanned with OKEN Scanner

# പ്രവർത്തന കലണ്ടർ

## JUNE

| തിയതി | പ്രാധാന്യം | പ്രവർത്തനങ്ങൾ | ചുമതല/ സാമ്പത്തികം |
|---|---|---|---|
| 1 | പ്രവേശനോത്സവം | ഉദ്ഘാടനം, നവാഗതരെ സ്വീകരിക്കൽ, സമ്മാനം നൽകൽ ,ഉച്ച ഭക്ഷണ വിതരണ ഉദ്ഘാടനം ,കുട്ടികളുടെ കലാപരിപാടികൾ,പഠനോപകരണ വിതരണം | 1,2,3,4, Staff,PTA,SMC, OSA,OTA |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | ലോക പരിസ്ഥിതി ദിനം | ജൈവകൃഷി ഉദ്ഘാടനം,പരിസ്ഥിതി ക്ലബ്ബ് കാർഷിക ക്ലബ്ബ് ,പൂന്തോട്ട നിർമ്മാണം, പച്ചക്കറിത്തോട്ട നിർമ്മാണം, അസംബ്ലി സന്ദേശം ,മണ്ണൊരുക്കൽ | 4 SMC |
| 6 | പ്രീ പ്രൈമറി പ്രവേശനോത്സവം | നവാഗതരെ സ്വീകരിക്കൽ, സ്കൂളും പരിസരവും അലങ്കരിക്കൽ ,കുട്ടികളുടെ പോസ്റ്ററുകൾ ,പതിപ്പുകൾ ,വിശിഷ്ടാതിഥികൾ | KG BRC |
| 7 | | | |
| 8 | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ അവലോകനം ആസൂത്രണം ചർച്ച | SRG C |
| 9 | | | |
| 10 | ഗ്രോബാഗ് പച്ചക്കറി തൈ വിതരണം | ജൈവകൃഷിയിൽ താല്പര്യമുള്ള കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി കാർഷിക ക്ലബ്ബ് രൂപീകരണം ,അംഗങ്ങൾക്ക് സൗജന്യമായി വിത്തുകളും ഗ്രോ ബാഗുക | 3 SMC |

Scanned with OKEN Scanner

| | | | |
|---|---|---|---|
| | | ളും പച്ചക്കറിതൈകളും വിതരണം ചെയ്യൽ,whatsapp group for online support | |
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ- അവലോകനം, ആസൂത്രണം, ചർച്ച | SRG C |
| 6 | | | |
| 7 | മഴക്കാല രോഗങ്ങൾ | ബോധവൽക്കരണ ക്ലാസ് | SMC |
| 8 | | | |
| 9 | വായനാദിനം | ഒരാഴ്ച കാലം നീണ്ടുനിൽക്കുന്ന വായനാവാരം ഓരോ ദിവസവും വ്യത്യസ്ത പഠന പ്രവർത്തനങ്ങൾ സന്ദേശം നൽകാൻ | 4<br>Staff,PTA |
| 0 | വായനാവാരം | ന്യൂസ് പേപ്പർ ബോർഡ് ,ലൈബ്രറി പുസ്തക വിതരണം ഉദ്ഘാടനം | 3,4 |
| 1 | അന്താരാഷ്ട്ര യോഗ ദിനം | കുട്ടികൾക്ക് യോഗ പരിശീലനം ,കരാട്ടെ പരിശീലനം ആരംഭം | 4<br>SMC |
| 2 | വായനാവാരം | അമ്മ വായന,Quiz board | 1 |
| 3 | എസ് ആർ ജി , വായനാവാരം | പുസ്തക പ്രദർശനം<br>പഠന പ്രവർത്തനങ്ങൾ അവലോകനം ആസൂത്രണം ചർച്ച | 2<br>SRG C |
| 24 | വായനാവാരം | വായന മത്സരം | 2 |
| 25 | വായനാവാരം | അമ്മയെഴുത്ത് ,വായന വാരം സമാപനം പ്രദർശനം | 4 |

Scanned with OKEN Scanner

| | | |
|---|---|---|
| ലഹരി വിരുദ്ധ ദിനം അസംബ്ലി സന്ദേശം നൽകൽ | ബോധവൽക്കരണ ക്ലാസ്,ലഹരി വിരുദ്ധ റാലി, സന്ദേശം | 1 |
| ഫിഷ് അമിനോ ആസിഡ് തയ്യാറാക്കൽ | ഫിഷ് അമിനോ ആസിഡ് സ്കൂളിൽ തയ്യാറാക്കുകയും കാർഷിക ക്ലബ്ബിലെ കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു | 3 SMC |
| പ്രശ്നോത്തരി | | 4 |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ അവലോകനം ആസൂത്രണം ചർച്ച | SRG C |
| ക്ലാസ് പിടിഎ, പിടിഎ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം | കുട്ടികളുടെ പഠനോപകരണങ്ങളുടെ പ്രദർശനം ,ജൂണിലെ പഠന പ്രവർത്തനങ്ങൾ വീഡിയോ പ്രദർശനം | 3 |

Scanned with OKEN Scanner

# JULY

| തിയ<br>തി | പ്രാധാന്യം | പ്രവർത്തനങ്ങൾ | ചുമതല/<br>സാമ്പത്തി<br>കം |
|---|---|---|---|
| | ജീവാമൃതം തയ്യാറാക്കൽ | ജീവാമൃതം വിദ്യാലയത്തിൽ തയ്യാറാക്കുകയും കാർഷിക ക്ലബ്ബിലെ കുട്ടികൾക്ക് വീടുകളിലേക്ക് കൊടുത്തയക്കുകയും ചെയ്യുന്നു | 3<br>SMC |
| | | | |
| | 1 പിടിഎ ജനറൽബോഡി യോഗം | തെരഞ്ഞെടുപ്പ് | PTA |
| | മഴക്കാല രോഗങ്ങളെ കുറിച്ച് ബോധവൽക്കരണ ക്ലാസ് | മഴക്കാല രോഗങ്ങളെ കുറിച്ച് ബോധവൽക്കരണ ക്ലാസ്അമ്മമാർക്കും കുട്ടികൾക്കും | 1<br>SMC |
| | ബഷീർ അനുസ്മരണം | ബഷീർ കൃതികളുടെ ദൃശ്യാവിഷ്കാരം, കഥാപാത്രം നിരൂപണം, പുസ്തകപരിചയം | 1<br>PTA |
| | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ അവലോകനം ആസൂത്രണം ചർച്ച | SRG C |
| | വികസന സമിതി ജനറൽ ബോഡി | തെരഞ്ഞെടുപ്പ് ,സ്കൂളിലെ വികസന പ്രവർത്തനങ്ങൾ -ചർച്ച ,അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം | HM |
| | പ്രീ പ്രൈമറി കഥോത്സവം സംഘാടകസമിതി | ചർച്ച | KG<br>PTA |
| | ശാസ്ത്രമേള | | 4 PTA |
| 0 | പ്രീ പ്രൈമറി കഥോത്സവം | കുട്ടികളും രക്ഷിതാക്കളും വിശിഷ്ടാതിഥികളും വിവിധ സങ്കേതങ്ങളിലൂടെ കഥകൾ അവതരിപ്പിക്കുന്നു | KG |

Scanned with OKEN Scanner

| | | |
|---|---|---|
| ലോക ജനസംഖ്യ ദിനം | ലോക ജനസംഖ്യ ദിനം സന്ദേശം | 1 |
| ബോധവൽക്കരണ ക്ലാസ് | ജൈവകൃഷിയുടെ പ്രസക്തിയും പ്രാധാന്യവും ബോധവൽക്കരണ ക്ലാസ് | 3<br>SMC |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ അവലോകനം ആസൂത്രണം ചർച്ച | SRG C |
| അബാക്കസ് | പരിശീലനം ആരംഭം | 4 |
| എൽഎസ്എസ് | പരിശീലനം ആരംഭം | 4 |
| | | |
| | | |
| കാർഷിക ക്ലബ്ബ് യോഗം | സസ്യങ്ങളുടെ വളർച്ച വിലയിരുത്തൽ, പ്രശ്നപരിഹരണം -നിർദ്ദേശങ്ങൾ ,വിദഗ്ധ സഹായം | HM<br>SMC |
| നൃത്തം | പരിശീലനം ആരംഭം | 3 |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ അവലോകനം ആസൂത്രണം ചർച്ച | SRG C |
| ചാന്ദ്രദിനം | ചാന്ദ്രദിന പതിപ്പ്,ചുമർമാസിക,എന്നിവയുടെനിർമ്മാണം,പ്രകാശനം,ഡോക്യുമെന്ററി വിവിധ ചാന്ദ്രദിന പ്രവർത്തനങ്ങൾ | 4 |
| | | |
| | | |
| കർക്കിടക ദിനം | ഔഷധസസ്യങ്ങൾ ,ദശപുഷ്പങ്ങൾ, പത്തിലകൾ എന്നിവയുടെ പ്രദർശനം, പത്തില കറി തയ്യാറാക്കൽ,രാമായണ ക്വിസ്, പതിപ്പ് തയ്യാറാക്കൽ, ചുമർ മാസിക | 3 |
| പ്രവർത്തിപരിചയ മേള | സ്കൂൾ തലം | 2 |
| ബോധവൽക്കരണ | പോഷകാഹാരത്തിന്റെ പ്രാധാന്യം- | 1 |

Scanned with OKEN Scanner

| | | |
|---|---|---|
| ക്ലാസ് | ബോധവൽക്കരണ ക്ലാസ് | |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ അവലോകനം ആസൂത്രണം ചർച്ച | SRG C |
| Mid term | വിലയിരുത്തൽ | 1,2,3,4 |
| Mid term | വിലയിരുത്തൽ | 1,2,3,4 |
| | | |
| | | |

# AUGUST

| പ്രാധാന്യം | പ്രവർത്തനങ്ങൾ | ചുമതലസാ ന്വത്തികം |
|---|---|---|
| | | |
| | | |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ- അവലോകനം, ആസൂത്രണം , ചർച്ച | SRG C |

Scanned with OKEN Scanner

| | | |
|---|---|---|
| | | |
| മാർച്ച് പാസ്റ്റ് | പരിശീലനം ആരംഭം | HM |
| | | |
| ഹിരോഷിമ ദിനം | സുഡാക്കോ കൊക്ക് നിർമ്മാണം | 2 |
| കർഷക ക്വിസ് | | 4 |
| കായിക ദിനം | | 3 |
| ക്വിറ്റിന്ത്യ ദിനം | അസംബ്ലി സന്ദേശം | 1 |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ- അവലോകനം, ആസൂത്രണം ,ചർച്ച | SRG C |
| എൽഎസ്എസ് | പരിശീലനം- വിലയിരുത്തൽ | 4 |
| മുററത്തെ കൃഷി സന്ദർശനം | മികച്ച കുട്ടി കർഷകനെ കണ്ടുപിടിക്കൽ | HM SMC |
| മുററത്തെ കൃഷി സന്ദർശനം | മികച്ച കുട്ടി കർഷകനെ കണ്ടുപിടിക്കൽ | HM SMC |
| പച്ചക്കറി കൃഷി സന്ദർശനം | മികച്ച കുട്ടി കർഷകനെ കണ്ടുപിടിക്കൽ | HM SMC |
| സ്വാതന്ത്ര്യ ദിനം | മാർച്ച് പാസ്റ്റ്, പതാക ഉയർത്തൽ, പ്രസംഗം,ദേശഭക്തിഗാനം, കുട്ടികളുടെ കലാപരിപാടികൾ ,സ്കിറ്റ്, ഡോ.വിഷ്ണു ഭാരതീയ സ്വാ മികളുടെ ധനസഹായ വിതരണം | STAFF,PTA,SMC,OSA,OTA |
| കർഷകദിനം | നെൽവയൽ സന്ദർശനം,കർഷകനുമായ അഭിമുഖം,മികച്ച കുട്ടി കർഷകനും കാർഷിക ക്വിസ് ജേതാവിനും അവാർഡ് വിതരണം. | PTA,SMC |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ- അവലോകനം ആസൂത്രണം, ചർച്ച | SRG C |
| | | |

Scanned with OKEN Scanner

| | | |
|---|---|---|
| പാദ വാർഷിക പരീക്ഷ | പരീക്ഷ വിലയിരുത്തൽ,മൂല്യനിർണയം | 1,2,3,4 |
| | | |
| പാദ വാർഷിക പരീക്ഷ | പരീക്ഷ വിലയിരുത്തൽ,മൂല്യനിർണയം | 1,2,3,4 |
| പാദ വാർഷിക പരീക്ഷ | പരീക്ഷ വിലയിരുത്തൽ,മൂല്യനിർണയം | 1,2,3,4 |
| പാദ വാർഷിക പരീക്ഷ | പരീക്ഷ വിലയിരുത്തൽ,മൂല്യനിർണയം | 1,2,3,4 |
| എസ് ആർ ജി. പൂകൃഷി ,പച്ചക്കറി കൃഷി വിളവെടുപ്പ് | പഠന പ്രവർത്തനങ്ങൾ -അവലോകനം ആസൂത്രണം ,ചർച്ച. | SRG C SMC |
| ഓണാഘോഷം | പുലികളി അധ്യാപകരുടെ തിരുവാതിര പൂക്കള മത്സരം ഓണസദ്യ ഓണക്കളികൾ ഓണപ്പാട്ടുകൾ | Staff,PTA,OSA, SMCOTA |
| ഓണാവധി | എന്റെ ഓണം -ഫോട്ടോ കോണ്ടസ്റ്റ് , പൂക്കളം സെൽഫി | PTA |
| ഓണാവധി | എന്റെ ഓണം- ഫോട്ടോ കോണ്ടസ്റ്റ് , പൂക്കളം സെൽഫി | PTA |
| ഓണാവധി | | |
| ഓണാവധി | | |
| ഓണാവധി | | |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ -അവലോകനം ആസൂത്രണം ചർച്ച | SRG C |

Scanned with OKEN Scanner

# SEPTEMBER

| ിയ ി | പ്രാധാന്യം | പ്രവർത്തനങ്ങൾ | ചുമതല/ സാമ്പത്തികം |
|---|---|---|---|
| | | | |
| | നാളികേരദിനം | കേര ഉൽപ്പന്നങ്ങളുടെ പ്രദർശനം | 1 |
| | | | |
| | | | |
| | അധ്യാപകദിനം | ഗുരുവന്ദനം, അസംബ്ലി സന്ദേശം | 2 |
| | | | |
| | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ- അവലോകനം, ആസൂത്രണം , ചർച്ച | SRG C |
| | ക്ലാസ് പിടിഎ | പാദവാർഷിക പരീക്ഷയുടെ മാർക്ക് അവ | PTA |

Scanned with OKEN Scanner

| | | | |
|---|---|---|---|
| | | ലോകനം, ചർച്ച,എല്ലാ വിഷയത്തിലും A ഗ്രേഡ് നേടിയവരെ ആദരിക്കൽ | |
| | | | |
| 0 | | | |
| 1 | മേളകൾ- | പരിശീ ലനം ആരംഭം | 1,2,3,4 |
| 2 | | | |
| 3 | എൽഎസ്എസ് | പരിശീലനം ,വിലയിരുത്തൽ | 4 |
| 4 | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ അവലോകനം ആസൂത്രണം ചർച്ച | SRG C |
| 5 | വര ഉത്സവം | കുട്ടികളും അധ്യാപകരും രക്ഷിതാക്കളും വിശിഷ്ടാതിഥികളും ചേർന്നുള്ള വിവിധതരം വരകൾ ,ചിത്രങ്ങൾ പ്രദർശനം | KG |
| 6 | ഓസോൺ ദിനം | പോസ്റ്റർ നിർമ്മാണം ,പ്ലക്കാർഡ് തയ്യാറാക്കൽ, സന്ദേശം | 1 |
| 7 | | | |
| 8 | | | |
| 9 | | | |
| 0 | | | |
| 1 | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ -അവലോകനം ആസൂത്രണം ,ചർച്ച | SRG C |
| 2 | പ്രീ പ്രൈമറി ഉത്സവം | | KG |
| 3 | | | |
| 4 | ലോക ഹൃദയ ദിനം | സന്ദേശം നൽകാൻ | 2 |
| 5 | കാർഷിക ഡയറി | പ്രദർശനം വിലയിരുത്തൽ | HM |
| 26 | | | |
| 27 | വയലാർ ദിനം | വയലാർ രചിച്ച സിനിമാഗാനങ്ങളുടെ ആലാപനം മത്സരം | 3 |

Scanned with OKEN Scanner

| | | | |
|---|---|---|---|
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ അവലോകനം ആസൂത്രണം ചർച്ച | SRG C | |
| പ്രശ്നോത്തരി | | 4 | |
| | | | |

Scanned with OKEN Scanner

# OCTOBER

| പ്രാധാന്യം | പ്രവർത്തനങ്ങൾ | ചുമതല/സാമ്പത്തികം |
|---|---|---|
| വയോജന ദിനം | മുത്തശ്ശിയോടും മുത്തശ്ശനോടും ഒപ്പം ഫോട്ടോ കോണ്ടസ്റ്റ് മത്സരം , മുത്തശ്ശിയെ ആദരിക്കൽ | 1 |
| സേവനവാരം | അസംബ്ലി സന്ദേശം,പരിസര ശുചീകരണം ,ഹരിത കർമ്മ സേന | 2 |
| സേവനവാരം | പരിസര ശുചീകരണം, രക്ഷിതാക്കൾഗാന്ധിജി അനുസ്മരണം | 3 |
| സേവനവാരം | പരിസര ശുചീകരണം- കുട്ടികൾ ഗാന്ധിസൂക്തങ്ങൾ അവതരണം | 4 |
| എസ് ആർ ജി , സേവനവാരം | പരിസര ശുചീകരണം- സ്റ്റാഫ്,ഗാന്ധി ചിത്രം വരയ്ക്കാം- മത്സരം,പഠന പ്രവർത്ത നങ്ങൾ- അവലോകനം,ആസൂത്രണം , ചർച്ച | SRG C |
| പുഞ്ചിരി ദിനം | എൽകെജി ,യുകെജി, ഒന്നാം ക്ലാസിലെ കുട്ടികൾക്ക് പുഞ്ചിരി മത്സരം | KG |
| സേവനവാരം | ക്ലീൻ ക്യാമ്പസ് പ്രഖ്യാപനം ഹരിത വിദ്യാലയം പ്രഖ്യാപനം | HM |
| | | |
| ലോക തപാൽ ദിനം | അസംബ്ലിയിൽ സന്ദേശം നൽകൽ പോസ്റ്റ് ഓഫീസ് സന്ദർശനം കത്തെഴുത്ത് മത്സരം | 1 |
| | | |
| എൽഎസ്എസ് പരിശീലനം | വിലയിരുത്തൽ | 4 |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ -അവലോകനം, ആസൂത്രണം ,ചർച്ച | SRG C |

Scanned with OKEN Scanner

| | | |
|---|---|---|
| | | |
| | | |
| ലോക ഭക്ഷ്യദിനം | പോഷകസമൃദ്ധമായ ഭക്ഷണപദാർത്ഥങ്ങൾ പ്രദർശനം പങ്കുവെക്കൽ | 1 |
| കാർഷിക ക്ലബ്ബ് യോഗം | കൃഷി വിലയിരുത്തൽ, മാർഗ്ഗനിർദ്ദേശങ്ങൾ , കാർഷിക അവാർഡ് വിതരണം | HM |
| | | |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ- അവലോകനം, ആസൂത്രണം , ചർച്ച | SRG C |
| പ്രീ പ്രൈമറി | ഉത്സവം | KG |
| | | |
| | | |
| | | |
| ഐക്യരാഷ്ട്ര ദിനം | അസംബ്ലിയിൽ സന്ദേശം നൽകൽ | 2 |
| | | |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ -അവലോകനം, ആസൂത്രണം, ചർച്ച | SRG C |
| | | |
| | | |
| പ്രശ്നോത്തരി | | 4 |
| ലോകമിതവ്യയ ദിനം | അസംബ്ലിയിൽ സന്ദേശം നൽകൽ | 3 |
| | | |

Scanned with OKEN Scanner

# NOVEMBER

| | പ്രാധാന്യം | പ്രവർത്തനങ്ങൾ | ചുമതല/സാമ്പത്തികം |
|---|---|---|---|
| | കേരളപ്പിറവി | സന്ദേശം,കേരളീയ വേഷങ്ങൾ-ഫാഷൻ ഷോ ,എന്റെ കേരളം -നൃത്ത പരിപാടി | 1 |
| | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ -അവലോകനം, ആസൂത്രണം, ചർച്ച | SRG C |
| | Mid term | വിലയിരുത്തൽ | 1,2,3,4 |
| | | | |
| | | | |
| | Mid term | വിലയിരുത്തൽ | 1,2,3,4 |
| | സിവി രാമൻ ജന്മദിനം | അസംബ്ലിയിൽ സന്ദേശം | 2 |
| | | | |
| | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ അവലോകനം ആസൂത്രണം ചർച്ച | SRG C |
| | ക്ലാസ്സ് പി ടി എ | കുട്ടികളുടെ പഠനനിലവാരം വിലയിരുത്തൽ, എല്ലാ വിഷയത്തിനും A നേടിയവർക്ക് സമ്മാനം | TRS |
| | | | |
| | | | |
| | എൽഎസ്എസ് പരിശീലനം | വിലയിരുത്തൽ | 4 |
| | ശിശുദിനം | കുട്ടികളുടെ ചാച്ചാജി- പ്രസംഗം ,കുട്ടികൾ നെഹ്റു ,സന്ദേശം നൽകൽ | KG |
| | ഉത്സവം | പ്രീ പ്രൈമറി | KG |

Scanned with OKEN Scanner

| | | |
|---|---|---|
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ- അവലോകനം , ആസൂത്രണം , ചർച്ച | SRG C |
| | | |
| മാതൃദിനം | എന്റെ അമ്മ- കവിത /കഥ രചന മത്സരം | 3 |
| | | |
| | | |
| | | |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ അവലോകനം ആസൂത്രണം ചർച്ച | SRG C |
| ബാലസഭ | കുട്ടികളുടെ വിവിധ കലാപരിപാടികൾ | 1 |
| | | |
| | | |
| | | |
| | | |
| പ്രശ്നോത്തരി | | 4 |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ അവലോകനം ആസൂത്രണം ചർച്ച | SRG C |

Scanned with OKEN Scanner

| | | |
|---|---|---|
| ക പരീക്ഷകൾ | | |
| രണ്ടാം പാദ വാർഷിക പരീക്ഷ | മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ | 1,2,3,4 |
| രണ്ടാം പാദ വാർഷിക പരീക്ഷ | മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ | 1,2,3,4 |
| എസ് ആർ ജി, രണ്ടാം പാദ വാർഷിക പരീക്ഷ | മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ | SRG C 1,2,3,4 |
| ക്രിസ്മസ് ആഘോഷം | സന്ദേശം നൽകൽ ,ക്രിസ്മസ് കരോൾ , ക്രിസ്മസ് ഗാനങ്ങൾ,പുൽക്കൂട് നിർമ്മാണം മരം അലങ്കരിക്കൽ, ക്രിസ്മസ് പാപ്പ , കേക്ക് മുറിക്കൽ ,ആഘോഷങ്ങൾ | STAFF,SMC,PTA,OSA,OTA |
| ക്രിസ്മസ് അവധി | | |
| ക്രിസ്മസ് അവധി | | |
| ക്രിസ്മസ് അവധി | ഫോട്ടോ കോണ്ടസ്റ്റ്- ക്രിസ്മസ് പാപ്പയോടൊപ്പം | STAFF PTA |
| ക്രിസ്മസ് അവധി | | |
| ക്രിസ്മസ് അവധി | | |
| ക്രിസ്മസ് അവധി | | |
| ക്രിസ്മസ് അവധി | | |
| ക്രിസ്മസ് അവധി | | |
| ക്രിസ്മസ് അവധി | | |

Scanned with OKEN Scanner

# JANUARY

| | പ്രാധാന്യം | പ്രവർത്തനങ്ങൾ | ചുമതല/സാമ്പത്തികം |
|---|---|---|---|
| | പുതുവത്സര ദിനം | സന്ദേശം നൽകൽ, മധുര വിതരണം, ആശംസ കാർഡ് നിർമ്മാണം, പ്രദർശനം | 3 |
| | വാർഷികം | പരിശീലനം ആരംഭം | 1 |
| | | | |
| | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ -അവലോകനം ആസൂത്രണം, ചർച്ച | SRG C |
| | | | |
| | | | |
| | പഠനയാത്ര | | 2 |
| | | | |
| | | | |
| 0 | എൽഎസ്എസ് പരിശീലനം | വിലയിരുത്തൽ | 4 |
| 1 | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ- അവലോകനം ആസൂത്രണം ,ചർച്ച | SRG C |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | | | |
| 16 | ആശാൻ ചരമദിനം | കവി പരിചയം ,പുസ്തക പ്രദർശനം, കവിതാലാപനം അസംബ്ലിയിൽ സന്ദേശം നൽകൽ | 3 |
| 17 | | | |

Scanned with OKEN Scanner

| | | |
|---|---|---|
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ- അവലോകനം ആസൂത്രണം, ചർച്ച | SRG C |
| പ്രീ പ്രൈമറി | ഉത്സവം | KG |
| | | |
| | | |
| | | |
| | | |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ അവലോകനം ആസൂത്രണം ചർച്ച | SRG C |
| റിപ്പബ്ലിക് ദിനം | പതാക ഉയർത്തൽ, മാർച്ച് പാസ്റ്റ് സന്ദേശം | HM |
| | | |
| | | |
| പ്രശ്നോത്തരി | | 4 |
| രക്തസാക്ഷി ദിനം | അനുസ്മരണം, പുഷ്പാർച്ചന, പതിപ്പ് പ്രകാശനം | 3 |

Scanned with OKEN Scanner

# FEBRUARY

| തിയതി | പ്രാധാന്യം | പ്രവർത്തനങ്ങൾ | ചുമതല/സാമ്പത്തികം |
|---|---|---|---|
| 1 | എസ് ആർ ജി<br><br>ജി ശങ്കരക്കുറുപ്പ് | പഠന പ്രവർത്തനങ്ങൾ- അവലോകനം ആസൂത്രണം ,ചർച്ച<br>കവി പരിചയം ,കവിതാലാപനം | SRG C<br><br>3 |
| 2 | ലോക തണ്ണീർത്തട ദിനം | ബോധവൽക്കരണം | 3 |
| 3 | | | |
| 4 | | | |
| 5 | | | |
| 6 | | | |
| 7 | എൽഎസ്എസ് പരിശീലനം | വിലയിരുത്തൽ | 4 |
| 8 | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ -അവലോകനം ആസൂത്രണം, ചർച്ച | SRG C |
| 9 | | | |
| 10 | | | |
| 11 | Mid term വിലയിരുത്തൽ | പഠന പ്രവർത്തനങ്ങൾ മൂല്യനിർണയം | 1,2,3,4 |
| 12 | Mid term വിലയിരുത്തൽ | പഠന പ്രവർത്തനങ്ങൾ- വിലയിരുത്തൽ മൂല്യനിർണയം | 1,2,3,4 |
| 13 | | | |
| 14 | | | |
| 15 | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ- അവലോകനം ആസൂത്രണം ,ചർച്ച | SRG C |
| 16 | പ്രീ പ്രൈമറി | ഉത്സവം | KG |

Scanned with OKEN Scanner

| | | |
|---|---|---|
| | | |
| | | |
| | | |
| മാതൃഭാഷാ ദിനം | ബോധവൽക്കരണം | 1 |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ -അവലോകനം ആസൂത്രണം, ചർച്ച | SRG C |
| | | |
| | | |
| | | |
| | | |
| | | |
| ദേശീയ ശാസ്ത്ര ദിനം | ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ, പോസ്റ്റർ നിർമ്മാണം | 3 |
| എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ -അവലോകനം ആസൂത്രണം ,ചർച്ച | SRG C |
| പ്രശ്നോത്തരി | | 4 |

Scanned with OKEN Scanner

# MARCH

| യ | പ്രാധാന്യം | പ്രവർത്തനങ്ങൾ | ചുമതല/സാമ്പത്തികം |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ -അവലോകനം ആസൂത്രണം, ചർച്ച | SRG C |
| | സ്കൂൾ വാർഷികം | കുട്ടികളുടെ വിവിധ കലാപരിപാടികൾ, പാഠാനുബന്ധ സ്കിറ്റുകൾ ,കഴിവുകളുടെ പ്രദർശനം, ഉൽപ്പന്ന പ്രദർശനം | STAFF PTA,OTA OSA |
| | | | |
| | വള്ളത്തോൾ ചരമദിനം | അനുസ്മരണം കവിതാലാപനം | 3 |
| | | | |
| | | | |
| | എൽഎസ്എസ് പരിശീലനം | വിലയിരുത്തൽ | 4 |
| | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ -അവലോകനം ആസൂത്രണം, ചർച്ച | SRG C |
| | മികവുത്സവം | കുട്ടികളുടെ മികവുകൾ, ഉൽപ്പന്നങ്ങൾ, പഠനനേട്ടങ്ങൾ എന്നിവയുടെ പ്രദർശനം | STAFF |
| | | | |
| | | | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| 8 | | | |
| 9 | | | |
| 0 | | | |
| 1 | എസ് ആർ ജി | പഠന പ്രവർത്തനങ്ങൾ ,അവലോകനം ആസൂത്രണം, ചർച്ച | SRG C |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | Annual evaluation | വിലയിരുത്തൽ പ്രവർത്തനങ്ങൾ | TRS |
| 6 | Annual evaluation | വിലയിരുത്തൽ പ്രവർത്തനങ്ങൾ | TRS |
| 7 | Annual evaluation | വിലയിരുത്തൽ പ്രവർത്തനങ്ങൾ | TRS |
| | എസ് ആർ ജി, Annual evaluation | വിലയിരുത്തൽ പ്രവർത്തനങ്ങൾ | SRG C TRS |
| | കളി ഉത്സവം | നാടൻ കളികളുടെ പരിശീലനം | KG |
| | | | |

Talent lab:


wednesday - dance പരിശീലനം

Thursday - Abacus

Friday - Karate


Scanned with OKEN Scanner

Proposed toilet block




Scanned with OKEN Scanner


proposed building plan.




FRONT ELEVATION
OPTION - 1

Scanned with OKEN Scanner


Proposed building: ground floor




GROUND FLOOR PLAN - 267.839 SQM
OPTION - 2


Scanned with OKEN Scanner

Proposed building 1st floor.




FIRST FLOOR PLAN - 254.04 SQM

Scanned with OKEN Scanner




SECOND FLOOR PLAN - 254.04 SQM

OPTION - 2

Scanned with OKEN Scanner

# SWOT ANALYSIS

## STRENGTH

വിദ്യാലയത്തോട് സ്നേഹമുള്ള നാട്ടുകാരും പൂർവ്വ വിദ്യാർത്ഥികളും രക്ഷിതാക്കളും

മെയിൻ റോഡിൽ നിന്ന് അകന്ന് തികഞ്ഞ ശാന്തമായ ഗ്രാമീണ അന്തരീക്ഷം

യാത്ര സൗകര്യം

വിശാലമായ ഗ്രൗണ്ട്

ശക്തമായ പിടിഎ, വികസന സമിതി

ശുദ്ധജലം ധാരാളമുള്ള പ്രദേശം

കുട്ടികളുടെ പാർക്ക്

Scanned with OKEN Scanner

## WEAKNESS

പഴക്കമുള്ള കെട്ടിടങ്ങൾ

ഫണ്ടിന്റെ അപര്യാപ്തത

ഗ്രൗണ്ടും സ്കൂൾ കെട്ടിടവും തമ്മിലുള്ള ദൂരം

ഗ്രൗണ്ടിൽ - സ്കൂൾ കെട്ടിടത്തിൽ നിന്നും അകന്ന് സ്ഥിതി ചെയ്യുന്ന ടോയ്ലറ്റ്

സ്കൂളിനു മുന്നിൽ സ്ഥിതി ചെയ്യുന്ന നൂറുവർഷത്തോളം പഴക്കമുള്ള ഉപയോഗശൂന്യമായ കെട്ടിടം

## OPPORTUNITIES

ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിയാൽ ഉപയോഗക്ഷമം ആകുന്ന കെട്ടിടങ്ങൾ

## THREATS

വർദ്ധിച്ചുവരുന്ന നായ ശല്യം

അശാസ്ത്രീയമായ വേസ്റ്റ് വാട്ടർ മാനേജ്മെൻറ്

കെട്ടിടത്തിന് പിറകിലും ഗ്രൗണ്ടിന്റെ വശങ്ങളിലും കുന്നു കൂടി കിടക്കുന്ന അജൈവ മാലിന്യങ്ങൾ

Scanned with OKEN Scanner

ലക്ഷ്യം

* കുട്ടികൾ അതാത് പ്രായത്തിൽ കരസ്ഥമാക്കേണ്ട പഠന നേട്ടങ്ങളും ശേഷികളും ആർജ്ജിക്കണം

* ശാരീരികമായും മാനസികമായും കരുത്തരായ ഒരു തലമുറയെ രൂപപ്പെടുത്തുക

* കുട്ടികളുടെ സർവ്വതോൻമുഖമായ കഴിവുകളെ കണ്ടെത്തുകയും വളർത്തുകയും ചെയ്യുക

* മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പ്രാവീണ്യം ഉള്ളവരാക്കുക

* പ്രൈമറി ഗണിതശേഷികൾ പ്രായോഗികതലത്തിൽ പ്രയോജനപ്പെടുത്താനുള്ള കഴിവ് വളർത്തുക

* മുതിർന്നവരെ ബഹുമാനിക്കാനും സഹജീവികളെ സ്നേഹിക്കാനും പരസ്പരം സഹായിക്കാനും മറ്റുമുള്ള മൂല്യബോധം കുട്ടികളിൽ ഉണ്ടാക്കുക

* മാലിന്യ സംസ്കരണത്തിനും പരിസര ശുചിത്വത്തിനും വ്യക്തി ശുചിത്വത്തിനും ആവശ്യമായ പരിശീലനം നൽകുക

* സാമൂഹ്യബോധവും പൗരബോധവും ഉള്ള തലമുറയെ വാർത്തെടുക്കുക

* ഏറ്റവും മികച്ച ഭൗതികസൗകര്യങ്ങൾ വിദ്യാലയത്തിൽ ഒരുക്കുക

* സമൂഹത്തെ വിദ്യാലയവുമായി കൂടുതൽ അടുപ്പിക്കുക

Scanned with OKEN Scanner

## ഭൗതികം - നിലവിലെ അവസ്ഥ

* 100 വർഷത്തോളം പഴക്കമുള്ള ജീർണിച്ച ഹാൾ

* 1978 ൽ നിർമ്മിച്ച കെട്ടിടം ( ആവശ്യമായ അറ്റകുറ്റപ്പണികൾ എത്രയും വേഗം നടത്തിയില്ലെങ്കിൽ അപകടാവസ്ഥയിലേക്ക് പോകുന്നത് )

* സ്കൂൾ കെട്ടിടവും ഗ്രൗണ്ടും തമ്മിലുള്ള ബന്ധമില്ലായ്മ

* മെയിൻ കെട്ടിടത്തിൽ നിന്നും മാറി ക്ഷുദ്രജീവികളുടെ വാസസ്ഥലമായ ടോയ്ലറ്റ് ബ്ലോക്ക്

Scanned with OKEN Scanner

## ഭൗതികം - മെച്ചപ്പെടുത്താൻ ചെയ്യേണ്ടവ

*മുന്നിലുള്ള പഴക്കമുള്ള കെട്ടിടം പൊളിച്ചു മാറ്റുക

*മെയിൻ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി എത്രയും വേഗം ചെയ്യണം.

* ടോയ്ലറ്റ് ബ്ലോക്ക് മാറ്റി സ്ഥാപിക്കുക

* പ്രീ പ്രൈമറി കുട്ടികൾക്ക് വേണ്ടി പ്രവർത്തന ഇടങ്ങൾ സജ്ജീകരിക്കുക

* കുട്ടികളുടെ പാർക്ക് നവീകരിക്കുക

*കുട്ടികളുടെ പരിപാടികൾ, വാർത്തകൾ എന്നിവ റെക്കോർഡ് ചെയ്യുന്നതിനുള്ള ഗ്രീൻ സ്ക്രീൻ സ്റ്റുഡിയോ ,റെക്കോർഡിങ് റൂം എന്നിവ തയ്യാറാക്കുക

* സ്കൂൾ റേഡിയോയ്ക്ക് വേണ്ടി എല്ലാ ക്ലാസ് മുറികളിലും സ്പീക്കർ സംവിധാനം ഒരുക്കുക

*സ്കൂൾ പച്ചക്കറി തോട്ടം തയ്യാറാക്കുക

*ശലഭോദ്യാനം ,ജൈവവൈവിധ്യ പാർക്ക് ,ഔഷധോദ്യാനം എന്നിവ നിർമ്മിക്കുക

*ചുറ്റുമതിൽ ശക്തമാക്കുക

*പ്ലേഗ്രൗണ്ട് കളിസ്ഥലം നവീകരണം

*ഗണിത ലേബ് ,ശാസ്ത്ര ലേബ്, ഐടി ലാബ് ,ലൈബ്രറി എന്നിവയുടെ നവീകരണം

* ചരിത്ര മ്യൂസിയം

Scanned with OKEN Scanner

## അക്കാദമികം - നിലവിലെ അവസ്ഥ

പ്രീ പ്രൈമറി വിഭാഗത്തിൽ അമ്പതോളം കുട്ടികൾ പഠിക്കുന്നു. എൽകെ ജി ,യുകെ ജി വിഭാഗങ്ങളിലായി രണ്ട് അധ്യാപികമാരും, രണ്ട് ആയ മാരും ഉണ്ട് .ഒരു അധ്യാപികക്കും ഒരു ആയക്കും ഓണറേറിയം ലഭിക്കുന്നു. **PTA** സഹായം കൊണ്ടാണ് ഒരു അധ്യാപികക്കും ഒരു ആയക്കും ശമ്പളം കൊടുക്കുന്നത് .

കോവിഡാനന്തരം സ്റ്റാൻഡേർഡ് **3, 4** ക്ലാസുകളിൽ ഭാഷാശേഷികളും ഗണിതശേഷികളും വികസിക്കാത്ത കുട്ടികൾ ഉണ്ട് .ഭാഷാശേഷികളുടെ കുറവ് മൂലം വിജ്ഞാനസമ്പാദനത്തിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട് .

സ്ലോ ലേണേഴ്സ് പഠനത്തിൽ പിന്നോട്ട് പോകുന്നു .മൊബൈൽ, ടിവി എന്നിവയുടെ ഉപയോഗം വളരെ കൂടുതലാണ് .പുസ്തകങ്ങൾ ,പത്രം വായന എന്നിവയിൽ നിന്ന് കുട്ടികൾ അകന്നു പോയിരിക്കുന്നു.

ഇംഗ്ലീഷ് ഭാഷ പ്രയോഗത്തിൽ കുട്ടികൾ പിറകിലാണ്. പൊതുവിജ്ഞാനം വർദ്ധിപ്പിക്കേണ്ടതുണ്ട് .പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ, ജൈവ കൃഷി രീതികൾ എന്നിവയിൽ കുട്ടികളെ കൂടുതൽ പങ്കാളികളാകേണ്ടതുണ്ട്. പാഠനുബന്ധപ്രവർത്തനങ്ങൾ ആയ നൃത്തം, ചിത്രരചന ,അഭിനയം തുടങ്ങിയവയിലും കുട്ടികൾ പ്രാവീണ്യം നേടേണ്ടതുണ്ട്

Scanned with OKEN Scanner

ഈ അധ്യയന വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ

## അക്കാദമികം

1.കൃഷി കുഞ്ഞു കൈകളിൽ സുഭദ്രം - മുറ്റത്തെ കൃഷി

*കാർഷിക ക്ലബ്ബ് രൂപീകരിക്കൽ

*സ്കൂൾ പച്ചക്കറികൃഷി

*ജൈവകൃഷിയുടെ പ്രസക്തിയും പ്രാധാന്യവും - ബോധവൽക്കരണ ക്ലാസ്

*സൗജന്യ വിത്ത് ,പച്ചക്കറി തൈ വിതരണം

* കാർഷിക പ്രശ്നപരിഹാര നിർദ്ദേശത്തിന് വിദഗ്ധർ ഉൾപ്പെട്ട വാട്സപ്പ് ഗ്രൂപ്പ്

*അനുദിന കൃഷിപ്പണികൾ

*ജൈവ വളം, കീടനാശിനി സൗജന്യ വിതരണവും ,നിർമ്മാണ പരിശീലനവും.

* കാർഷിക ഡയറി തയ്യാറാക്കൽ

*മികച്ച കുട്ടി കർഷകനെ തിരഞ്ഞെടുക്കൽ

*കാർഷിക ക്വിസ്

*എന്റെ പച്ചക്കറി ജന്മദിനത്തിൽ എന്റെ വിദ്യാലയത്തിന്

*നെൽകൃഷിയിടം സന്ദർശിക്കൽ

*കർഷകനുമായി അഭിമുഖം

*ശാസ്ത്രമേളകളിൽ

Scanned with OKEN Scanner

2.ജാലകം 23

*ജാലകം ന്യൂസ് ബോർഡ്

*ന്യൂസ് പേപ്പർ വായന കോർണറിൽ

***KNOWLEDGE HUNT**

***MONTHLY QUIZ**

3.സ്കൂൾ റേഡിയോ

4.ദിനാചരണങ്ങൾ

*പരിസ്ഥിതി ദിനം

*വായനാവാരം

*ലഹരി വിരുദ്ധ ദിനം

*ബഷീർ അനുസ്മരണം

*ചാന്ദ്രദിനം

*യുദ്ധാവിരുദ്ധ ദിനം

*സ്വാതന്ത്ര്യദിനം

* ഓണാഘോഷം

*ഗാന്ധിജയന്തി - സേവനവാരം

*കേരളപ്പിറവി

*ക്രിസ്മസ്

*റിപ്പബ്ലിക് ദിനം

*മറ്റ് ദിനാചരണങ്ങൾ

Scanned with OKEN Scanner

5.ടാലൻറ് ലാബ്

*സ്പോക്കൺ ഇംഗ്ലീഷ്

*കരാത്തെ

*ഡാൻസ്

*അബാക്കസ്

6.പ്രതിഭാ കേന്ദ്രം

7.Smart English

*English assembly

*English diary

* English carnival

*English games

*English corner

* English for communication

*English prince

*One day one word

*My dictionary

*Readers corner

*Language lab

* Show me tell

* Bulletin board

Scanned with OKEN Scanner

**8.**സർഗാത്മക വികാസം - മലയാളം

*മലയാളം ഫെസ്റ്റ്

*മലയാളം ഡയറി

*മലയാളം കോർണർ

*മലയാളം ബുള്ളറ്റിൻ

*സർഗ്ഗ വേള

*ഗ്രന്ഥശാല സന്ദർശനം

*എഴുത്തുകാരനുമായി അഭിമുഖം

*പതിപ്പ്

*രചനാശില്പശാല

*മാഗസിൻ

Scanned with OKEN Scanner

കൃഷി കുഞ്ഞു കൈകളിൽ സുഭദ്രം - മുറ്റത്തെ കൃഷി (ജൈവ പച്ചക്കറി കൃഷി )

ലക്ഷ്യം

* കുട്ടികളെ പ്രകൃതിയോട് അടുപ്പിക്കുക

*നല്ല ആരോഗ്യ ശീലങ്ങളും ഭക്ഷണരീതികളും പരിശീലിക്കുക

*പോഷകാഹാരത്തിന്റെ പ്രാധാന്യം തിരിച്ചറിയുക

*ജൈവകൃഷിരീതികൾ പരിചയപ്പെടുത്തുക

*ജൈവകൃഷിരീതികൾ പ്രയോഗിക്കുക

*മികച്ച പച്ചക്കറികൾ വീടുകളിലും വിദ്യാലയത്തിലും ലഭ്യമാക്കുക

പഠന നേട്ടങ്ങൾ

1.സസ്യങ്ങളുടെ വേരു പടലത്തിന്റെ സവിശേഷതകൾ കണ്ടെത്തി നാരുവേരു പടലം, തായ്‌വേരുപടലം എന്നിങ്ങനെ തരംതിരിക്കുന്നു ,പട്ടികപ്പെടുത്തുന്നു

2.സസ്യങ്ങളുടെ ഇലകളിലെ സിരാവിന്യാസം നിരീക്ഷിച്ച് ജാലികസിരാവിന്യാസം ,സമാന്തരസിരാവിന്യാസം എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തുന്നു

3.ചുറ്റുപാടുമുള്ള സസ്യങ്ങളുടെ ഇലകളിലെ സിരാവിന്യാസവും വേരുപടലവും നിരീക്ഷിച്ച് പരസ്പരബന്ധം കണ്ടെത്തി പറയുന്നു

4.ഏക ബീജ പത്ര സസ്യങ്ങൾക്കും ദ്വിജപത്ര സസ്യങ്ങൾക്കും നിർവചനങ്ങൾ നൽകുന്നു

5.സസ്യ ഭാഗങ്ങൾ നിരീക്ഷിക്കൽ

6.ധർമങ്ങൾ തിരിച്ചറിയൽ

7.വിത്ത് മുളക്കുന്ന ഘട്ടങ്ങൾ തിരിച്ചറിയൽ

Scanned with OKEN Scanner

8. സസ്യ വളർച്ചയുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ ഏർപ്പെടൽ

9.സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയൽ

10.തൊഴിലുപകരണങ്ങൾ പരിചയപ്പെടൽ

11.തൊഴിലിന്റെ മാഹാത്മ്യം തിരിച്ചറിയൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| ജൂൺ 5 - ലോക പരിസ്ഥിതി ദിനം - കാർഷിക ക്ലബ്ബ് രൂപീകരിക്കൽ ,സ്കൂൾ പച്ചക്കറികൃഷി ഉദ്ഘാടനം ,ജൈവകൃഷിയുടെ പ്രസക്തിയും പ്രാധാന്യവും - ബോധവൽക്കരണ ക്ലാസ് ,കുട്ടികൾക്കും രക്ഷിതാക്കൾക്കും സൗജന്യ പച്ചക്കറി തൈ വിതരണം | june | ബിന്ദു ടീച്ചർ , ഓമന ടീച്ചർ | 2000 | വികസന സമിതി |
| തത്സമയ കാർഷിക പ്രശ്നം പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിന് വിദഗ്ധസമിതി രൂപീകരിക്കൽ, അനുദിന കൃഷിപ്പണികൾ ചർച്ച ചെയ്യൽ ,ജീവാമൃതം ,സ്യൂഡോമോണസ് - പച്ച ചാണകത്തളി തുടങ്ങിയ ജൈവവളങ്ങളും,വെളുത്തുള്ളി - വേപ്പെണ്ണ മിശ്രിതം തുടങ്ങിയ കീടനാശിനികളും നിർമ്മിക്കാനുള്ള പരിശീലനം നൽകൽ ,സൗജന്യ വള കീടനാശിനി വിതരണം ,സംശയനിവാരണം, കാർഷിക ഡയറി തയ്യാറാക്കൽ | ജൂലൈ | ബിന്ദു ടീച്ചർ , ഓമന ടീച്ചർ , സീന ജയശീലൻ | 3000 | വികസന സമിതി |
| കാർഷിക ഡയറി വിലയിരുത്തൽ, കൃഷിയിടം സന്ദർശിക്കൽ ,മികച്ച കുട്ടി കർഷകനെ തിരഞ്ഞെടുക്കാൻ, കാർഷിക ക്വിസ്, പ്രകൃതിപാഠങ്ങൾ ,സ്കൂൾ പച്ചക്കറികൃഷി പ്പ കൃഷി | ഓഗസ്റ്റ് | ക്ലാസ് ടീച്ചേഴ്സ് സീന ജയശീ | 2000 | വികസന സമിതി |

| | | | | |
|---|---|---|---|---|
| വിളവെടുപ്പ് ,സ്കൂൾ പച്ചക്കറികൾ ഉപയോഗിച്ച് ഓണസദ്യ ,ഓണാഘോഷം | | ലൻ | | |
| നെൽകൃഷി ഇടം വയൽ സന്ദർശിക്കൽ , കർഷകരുമായി അഭിമുഖം | സെപ്റ്റംബർ | സീന ജയശീലൻ | 500 | വികസന സമിതി |
| ശാസ്ത്രമേള സ്കൂൾതലം,ശാസ്ത്രമേള ഉപജില്ലാതലം , രണ്ടാംഘട്ട കൃഷിക്ക് സൗജന്യ വിത്തുവിതരണം | ഒക്ടോബർ | ക്ലാസ് ടീച്ചേഴ്സ് | 1000 | PTA |

## 2.ജാലകം 23

ലക്ഷ്യം

*പത്രവായനയുടെ പ്രാധാന്യം കുട്ടികൾക്ക് ബോധ്യപ്പെടുത്തുക

*സമൂഹത്തെ കുറിച്ചു ചുറ്റുപാടുകളെ കുറിച്ചും പൊതുസമൂഹത്തെക്കുറിച്ചുള്ള ധാരണ വളർത്തുക

*പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| ജാലകം 23 എന്ന പേരിൽ ബുള്ളറ്റിൻ ബോർഡ്സ്ഥാപിക്കുക .ദിനപത്രത്തിലെ വാർത്താമൂല്യമുള്ള വാർത്തകളും ചിത്രങ്ങളും വെട്ടിയെടുത്ത് പ്രദർശിപ്പിക്കുക | 10 months | Lintatr | 2000 | PTA |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ദേശാഭിമാനി മാതൃഭൂമി പത്രങ്ങൾ എല്ലാ ക്ലാസിലെയും കുട്ടികൾക്ക് വായനയ്ക്കായി ലഭ്യമാക്കുക | | | | |
| **Knowledge Hunt** എന്ന പേരിൽ സ്ഥാപിച്ച ബുള്ളറ്റ് ബോർഡിൽ ദിനപത്രത്തിൽ നിന്നുള്ള പൊതുവിജ്ഞാന ചോദ്യങ്ങൾ പ്രസിദ്ധീകരിക്കുക കുട്ടികൾ ഉത്തരങ്ങൾ കണ്ടെത്തി നോളജ് ബോക്സിൽ നിക്ഷേപിക്കുന്നു വിജയികൾക്ക് സമ്മാനം നൽകുന്നു | **10 Mon ths** | **Lin ta tr** | **1000** | **staff** |
| **MONTHLY QUIZ** എല്ലാദിവസവും ആറു ചോദ്യങ്ങൾ വീതം ക്വിസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. എല്ലാ മാസവും നടക്കുന്ന നോളജ് ക്വിസ് മത്സരത്തിൽ ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നു | **10 Mon ths** | **Lin ta tr** | **1000** | **staff** |

## 3.സ്കൂൾ റേഡിയോ

| | | | | |
|---|---|---|---|---|
| എല്ലാ ദിവസവും ഉച്ച 12.45 മുതൽ 1.30 വരെ സ്പീക്കറിലൂടെ കുട്ടികൾ അവതരിപ്പിക്കുന്ന റേഡിയോ പരിപാടികൾ | എല്ലാ ദിവസവും | ബിന്ദു ടീച്ചർ | **50000** | പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| കേൾക്കുന്നു | | | | |

4. ഗ്രീൻ സ്ക്രീൻ സ്റ്റുഡിയോ, ന്യൂസ് ചാനൽ

| | | | | |
|---|---|---|---|---|
| കുട്ടികൾ അവതരിപ്പിക്കുന്ന പരിപാടികളുടെ വാർത്തക ളും വിഡിയോ കളും യൂ ട്യൂബ് വഴി സമൂഹ ത്തിലേക്ക എത്തിക്കുന്നു | Once in a weak | Bindu tr | 50000 | Panchayath |

5.ദിനാചരണങ്ങൾ

| Activities | Duration | Charge | Amount | Source |
|---|---|---|---|---|
| പരിസ്ഥിതി ദിനം ലഹരി വിരുദ്ധ ദിനം വായനാവാരം യുദ്ധവിരുദ്ധ ദിനം | ജൂൺ | Bindu tr | 1000 | staff |
| ബഷീർ അനുസ്മരണം ചാന്ദ്രദിനം | ജൂലൈ | Linta tr | 1000 | staff |
| സ്വാതന്ത്ര്യ | ഓഗസ്റ്റ് | Remya tr | 1000 | staff |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ദിനം ഓണാഘോഷം | | | | |
| ഗാന്ധിജയന്തി സേവനവാരം തപാൽ ദിനം | ഒക്ടോബർ | **Shaiji tr** | **1000** | **staff** |
| കേരളപ്പിറവി, **Children's day** | നവംബർ | **Chinju tr,Ugine tr** | **1000** | **staff** |
| ക്രിസ്തുമസ് | ഡിസംബർ | **Linta tr,Remya tr** | **1000** | **staff** |
| റിപ്പബ്ലിക് ദിനം | ജനുവരി | **Shaiji tr,Chinju tr** | **500** | **staff** |

**6.**ടാലൻറ് ലാബ്

| | | | | |
|---|---|---|---|---|
| സ്പോക്കൺ ഇംഗ്ലീഷ് | **9months** | **Pradeesh** | **9000** | **PTA** |
| കരാത്തെ | **9months** | **Easwaran master** | **9000** | **PTA** |
| നൃത്തം | **9months** | **Jayan master** | **9000** | **PTA** |
| അബാക്കസ് | **9months** | **Kavitha tr** | **9000** | **PTA** |

Scanned with OKEN Scanner

7.പ്രതിഭാ കേന്ദ്രം

| | | | | |
|---|---|---|---|---|
| **Remedial Teaching,**പ്രതിഭ പോഷണ പരിപാടികൾ | **Holi days** | **Chinju tr** | **10000** | **BRC** |

## അക്കാദമികം (സർഗാത്മക വികാസം - ഭാഷ)

ലക്ഷ്യം

വ്യാകരണ ശുദ്ധിയോടെ മലയാളം പറയാനും എഴുതാനുമുള്ള ശേഷി നേടാൻ,

വ്യാകരണ ശുദ്ധിയോടെ കഥ പറയൽ ,കഥ എഴുതാൻ, കവിതാലാപനം, സംഭാഷണം എഴുതാൻ .

ലയാളത്തിൽ സർഗാത്മക രചനകൾ നടത്താനുള്ള ശേഷി കൈവരിക്കൽ

മലയാളഭാഷ പ്രാവീണ്യം നേടാൻ

ഏത് സാഹചര്യങ്ങളിലും മലയാളഭാഷ അനായാസം കൈകാര്യം ചെയ്യൽ

വിനോദത്തിലൂടെ ഭാഷാ പഠനം

വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടുക

വായനാനുഭവങ്ങൾ പങ്കുവെക്കൽ

മാതൃഭാഷയിലെ വിവിധ ശേഷി വികാസം

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | **Sourse** |
|---|---|---|---|---|
| മലയാളം **fest** | ജൂൺ | ക്ലാസ് ടീച്ചർ | **1000** | **staff** |

| | | | | |
|---|---|---|---|---|
| മലയാളം ഡയറി-ഓരോ ദിവസത്തെയും അനുഭവങ്ങൾ ഡയറിയിൽ കുറിക്കുന്നു | എല്ലാ ദിവസ വും | ക്ലാസ് ടീച്ചർ | | |
| മലയാളം കോർണർ - ലയാളം പത്രങ്ങൾ പ്രസിദ്ധീകരണങ്ങൾ കഥാപുസ്തകങ്ങൾ ബാലസാഹിത്യകൃതികൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വായനാമൂല ഒരുക്കുന്നു | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |
| മലയാളം ബുള്ളറ്റിൻ - ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൽ തയ്യാറാക്കൽ ജൂൺ വായനാദിനം ജൂലൈ ബഷീർ ദിനം ആഗസ്റ്റ് സ്വാതന്ത്ര്യ ദിനം സെപ്റ്റംബർ ഓണം ഒക്ടോബർ ഗാന്ധിജയന്തി നവംബർ കേരളപ്പിറവി ഡിസംബർ ക്രിസ്തുമസ് ജനുവരി റിപ്പബ്ലിക് ദിനം ഫെബ്രുവരി ശാസ്ത്ര ദിനം മാർച്ച് വനിതാദിനം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |
| സർഗ്ഗ വേള -ഭാഷാ പരിപോഷണത്തിനായി സർഗ്ഗവേള പിരീഡ് ഉൾപ്പെടുത്തുന്നു പഠിച്ച പാഠഭാഗങ്ങളെ ആസ്പദമാക്കി കഥ കവിത നാടകം എന്നീ സാഹിത്യരൂപങ്ങളിലേക്ക് മാറ്റി അവതരണം | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |
| ഗ്രന്ഥശാല സന്ദർശനം - വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാനും പുസ്തക വർഗ്ഗീകരണം കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കാൻ എന്നിവയൊക്കെയായി അടുത്തുള്ള ലൈബ്രറി സന്ദർശനം നടത്തുന്നു | നവംബർ | ക്ലാസ് ടീച്ചർ | | |
| പ്രാദേശിക എഴുത്തുകാരെ അടുത്തറിയൽ - | | ക്ലാസ് | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ഏതെങ്കിലും പ്രാദേശിക എഴുത്തുകാരെ വിദ്യാലയത്തിലേക്ക് കൊണ്ടുവന്ന വായനാനുഭവങ്ങൾ പങ്കുവയ്ക്കുന്നു എഴുത്തുകാരുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ കുട്ടികൾ തയ്യാറാക്കുകയും സംവാദം നടത്തുകയും ചെയ്യുന്നു | ഡിസംബർ | ടീച്ചർ | | |
| പതിപ്പ് , മാഗസിൻ - വിവിധ വിഷയങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ടത് ,ദിനാചരണങ്ങൾ ,ആഘോഷ ങ്ങൾ അടിസ്ഥാനമാക്കി പതിപ്പ് തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |
| രചനാശിൽപശാല - കുട്ടികൾ വിവിധ സാഹിത്യ രചനകൾ എഴുതി തയ്യാറാക്കുന്നു,മാഗസിൻ പ്രകാശനം -കുട്ടികൾ തയ്യാറാക്കിയ രചനകൾ മാഗസിനായി പ്രകാശിപ്പിക്കുന്നു | ഫെബ്രുവരി | ക്ലാസ് ടീച്ചർ | **1000** | **staff** |

## 2 SMART ENGLISH

### AIMS

എല്ലാ കുട്ടികളുടെയും **vocabulary** വർദ്ധിപ്പിക്കുക

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ

വ്യാകരണ ശുദ്ധിയോട് കൂടി ഇംഗ്ലീഷ് പദം പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ

വായനയിലൂടെ ഇംഗ്ലീഷ് പഠനം എളുപ്പമാക്കി പഠനാന്തരീക്ഷം സൃഷ്ടിക്കൽ

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| **Word game-** ക്ലാസ് മുറിയിൽ കുട്ടികൾക്ക് അനുയോജ്യമായ കാർഡുകൾ നൽകി പദങ്ങൾ കണ്ടെത്തുക | ജൂൺ | **Class tr** | | |
| **Show me Tell -** കുട്ടികൾക്ക് പരിചയമുള്ള ചിത്രത്തിന്റെ സഹായത്തോടെ പദങ്ങൾ കണ്ടെത്തുന്നു ക്ലാസ് റൂമിനകത്തോ പുറത്തോ പരിചിത വസ്തുക്കളെ കാണിച്ച് അവയുടെ പേരു കണ്ടെത്തുന്നു | ഓഗസ്റ്റ് | **Class tr** | | |
| **Bullettin board-** ഏതെങ്കിലും ഒരു പദവുമായി ബന്ധപ്പെട്ട വാക്കുകൾ കണ്ടെത്തി **word web** രൂപത്തിൽ പ്രദർശിപ്പിക്കുക | **oct** | **Shaiji tr** | | |
| **One day, One word-** ഓരോ ദിവസവും ഓരോ പുതിയ വാക്കുകൾ കണ്ടെത്തി അവയുടെ അർത്ഥം പരിചയപ്പെടുന്നു | **June march** | **Linta tr** | | |
| **My Dictionary-** പുതിയ പുതിയ വാക്കുകൾ കൂട്ടിച്ചേർക്കുന്നു | **June March** | **Class tr** | | |
| **English Assembly** ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു- | **june - march** | **Class tr** | | |
| ഇംഗ്ലീഷ് ഡയറി എഴുത്ത് - ഓരോ ദിവസവും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക | **une-march** | **tr** | | |
| ഇംഗ്ലീഷ് കാർണിവൽ -ക്ലാസ് തല പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച് കുട്ടികളുടെ | **January** | **trs** | **1000** | **PTA** |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| കലാപരിപാടികൾക്ക് ഒരു വിദഗ്ധ പരിശീലകന്റെ സഹായത്തോടെ പ്രവർത്തനങ്ങൾ ചെയ്യൽ( **Skit,conversation..)** | | | | |
| **Language games** - വിവിധതരം ഭാഷാപരമായ കളികളിലൂടെയുള്ള പഠനം ഇംഗ്ലീഷ് പദപ്രശ്നങ്ങളും വാക്കുകളും കൊണ്ട് വസ്തുക്കൾ ഉപയോഗിച്ച് വിവിധകളിലും കളികളിലൂടെ വിജയികളെ കണ്ടെത്തുന്നു | **January march** | **trs** | | |
| **English corner** കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പത്രവാർത്തകൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ | **june - march** | Class trs | | |

ഭൗതികം

| | | | | |
|---|---|---|---|---|
| പ്രധാന കെട്ടിടം ശക്തിപ്പെടുത്താൻ ,വയറിങ് പുതുക്കൽ ,ടൈൽ മാറ്റിയിടൽ, കേടുവന്ന ജനവാതിൽ മാറ്റി സ്ഥാപിക്കൽ | **1 year** | **PTA President** | **300000** | **Panchayath** |
| അപകടാവസ്ഥയിലുള്ള പഴയ അടുക്കള , ഹാൾഎന്നിവ പൊളിച്ചുമാറ്റൽ | **1 year** | **PTA President** | **50000** | **panchayath** |
| പ്രീപ്രൈമറി ക്ലാസ് മുറികളിൽ പ്രവർത്തന ഇടങ്ങൾ ഒരുക്കൽ | **1 year** | **PTA** | **100000** | **Stars** |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| പ്രീപ്രൈമറി കുട്ടികൾക്ക് വേണ്ടി പാർക്ക് സജ്ജമാക്കൽ,മീൻ വളർത്തൽ ,പക്ഷി വളർത്തൽ, മുറ്റം ടൈൽ ഇടൽ ട്രസ്സ് വർക്ക് ,ചുറ്റമതിൽ ബലപ്പെടുത്തൽ ,ഗേറ്റ് വെച്ച് അടച്ചുറപ്പുള്ളതാക്കൽ ,നെയിംബോർഡ് . | 1 year | A E | 100000 | Panchayath |
| നാല് ക്ലാസ് മുറികൾ മൾട്ടിമീഡിയ ഹാൾ എന്നിവ ഉൾപ്പെടുന്ന പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കൽ. | # year | Department | 20000000 | GOVT |
| പുതിയ അടുക്കളയും ഡൈനിങ് ഹോളും നിർമ്മിക്കൽ | | | | |
| കളിസ്ഥലം നവീകരണം | | | | |
| ചരിത്ര മ്യൂസിയം | | | | |
| ഗണിത ലേബ് ,ശാസ്ത്ര ലേബ് ,ലൈബ്രറി നവീകരണം | | | | |
| ജൈവവൈവിധ്യ പാർക്ക് ,ഔഷധ ഉദ്യാനം . | | | | |

Scanned with OKEN Scanner

## സാമൂഹികം

| | | | | |
|---|---|---|---|---|
| പൂർവ്വ വിദ്യാർത്ഥി സംഘടനയോഗങ്ങൾ, | 3 years | HM | 3000 | OSA |
| ഉത്സവങ്ങൾ പ്രവേശനോത്സവം പഠനോത്സവം മികവുത്സവം | 3 years | HM | 20000 | BRC |
| ഓണാഘോഷം ക്രിസ്മസ് വാർഷികാഘോഷം | 3 years | HM | 20000 | PTA |
| യൂട്യൂബ് ചാനൽ വാർത്താ ചാനൽ | 3 years | HM | | |
| വിശേഷങ്ങളും വാർത്തകളും പൊതുസമൂഹവുമായി പങ്കുവെക്കൽ ഫെയ്സ്ബുക്ക് വാട്സ്ആപ്പ് കൂട്ടായ്മകൾ | 3 years | HM | | |

Scanned with OKEN Scanner